# SSLC MODEL EXAMINATION—FEBRUARY, 2012

## MALAYALAM - I

Time : 1½ hrs. Total Score : 40

**പൊതുനിർദ്ദേശങ്ങൾ**

* ആകെ 14 ചോദ്യങ്ങൾ നൽകിയിട്ടുണ്ട്.
* ചോദ്യങ്ങളോടൊപ്പമുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ച് മനസ്സിലാക്കിയശേഷം ഉത്തരമെഴുതുക.
* ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

1, 2 ചോദ്യങ്ങൾക്ക് ഒരു മാർക്കു വീതം. [1×2=2]

1. താഴെക്കൊടുത്ത പദച്ചേരുവ ശ്രദ്ധിക്കുക :

   കാട്ടുപൂവ്—കാട്ടിലെ പൂവ്

   മാതൃകയിൽ കാണുന്നതുപോലെ താഴെ കൊടുത്തിരിക്കുന്ന സമസ്തപദം ഘടകപദങ്ങളാക്കി എഴുതുക.

   • ഓലക്കുട

2. "ഈരണ്ടും മുമ്മൂന്നും തായമ്പക ഓരോ ദിവസവും."

   —ഈ വാക്യം ആശയച്ചോർച്ച കൂടാതെ പൂർണ്ണവാക്യമാക്കി മാറ്റി എഴുതുക.

3 മുതൽ 5 വരെ ചോദ്യങ്ങൾക്ക് രണ്ടു സ്കോർ വീതം. [2×3=6]

3. "ഉണ്ണീരിക്കുട്ടി പോത്ത് വാങ്ങിച്ചു. കമ്മളുട്ടി കാള വാങ്ങിച്ചു."

   —മുകളിൽക്കൊടുത്ത രണ്ടു വാക്യങ്ങളും ചേർത്ത് അർത്ഥവ്യത്യാസം കൂടാതെ ഒറ്റ വാക്യമാക്കുക. വാക്യങ്ങൾ ചേർത്തപ്പോൾ വരുത്തിയ മാറ്റങ്ങൾ എഴുതുക.

4. "നെല്ലിൻ തണ്ടുമണക്കും വഴികൾ
   എള്ളിൻ നാമ്പു കുരുക്കും വയലുകൾ
   എണ്ണം തെറ്റിയ ഓർമകൾ വീണ്ടും
   കുന്നിൻചരിവിൽ മാവിൻ കൊമ്പിൽ
   ഉണ്ണികളായി ഉറങ്ങിയെണീക്കെ....."

   —ദേശത്തെക്കുറിച്ചുള്ള സ്മൃതികൾ ഏതൊക്കെ രൂപത്തിലാണ് ഇവിടെ തെളിയുന്നത് ?

5. “മിന്നൽക്കൊടിയിറങ്ങി മന്നിലേ വരികയോ ?
വിധുമണ്ഡലമിറങ്ങി ക്ഷിതിയിലേ പോരികയോ ?
സ്വർണവർണമാമന്നം പറന്നിങ്ങു വരികയോ ?
കണ്ണുകൾക്കിതു നല്ല പീയൂഷ ധരികയോ ? ”

—ഹംസത്തെ പല അകലങ്ങളിൽ നിന്നു കാണുന്നതിന്റെ അനുഭവമാണ് ഇവിടെ ചിത്രീകരിച്ചിട്ടുള്ളത്. ഇവിടെ ഏറ്റവും അകലെയായും ഏറ്റവും അടുത്തായും കാണുന്ന രൂപങ്ങൾ ഏതെല്ലാം? രണ്ടു വാക്യത്തിൽ വിശദീകരിക്കുക.

6 മുതൽ 11 വരെ ചോദ്യങ്ങളിൽ അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നും അരപ്പുറം വീതം എഴുതുക. ഓരോന്നിനും 4 സ്കോർ വീതം. [4×5=20]

6. • പാട്ടുകേട്ട് ഉണരുവാനും കുറച്ച് ഭാഗ്യം വേണം.

• കടലിന്റെ വക്കത്ത് പാർക്കുവാനും ഭാഗ്യം വേണം.

—“കടലിന്റെ വക്കത്ത് ഒരു വീട്” എന്ന കഥയിലെ ചെറുപ്പക്കാരന്റെ ജീവിത വീക്ഷണം മുകളിൽക്കൊടുത്ത സംഭാഷണ ഭാഗങ്ങളിൽ എങ്ങനെ പ്രതിഫലിക്കുന്നു ?

7. “ഞാൻ വേറൊന്നുമല്ല; ഉരുളികുന്നത്തെ കല്ലിന്റെയും മണ്ണിന്റെയും കാറ്റിന്റെയും മുള്ളിന്റെയും മേഘത്തിന്റെയും വെള്ളത്തിന്റെയും ഒരു പാർശ്വോൽപന്നം മാത്രമാണ്.” സക്കറിയയുടെ ഈ അഭിപ്രായം ‘ഉരുളികുന്നത്തിന്റെ ലുത്തീനിയ’ എന്ന ലേഖനത്തിൽ വിശദീകരിക്കുന്ന വ്യത്യസ്ത അനുഭവങ്ങളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക.

8. “ഇച്ചാരുകസേലയിൽ ഭൂതകാലാഹ്ലാദത്തി-
ന്നുച്ഛിഷ്ടം നുണച്ചുകൊണ്ടിരിക്കും പാവത്താനേ” (അടുത്തൂൺ)

—നഗരത്തിന്റെ ഈ പരിഹാസം കവിയുടെ ജീവിതത്തെ സംബന്ധിച്ച എന്തെല്ലാം സൂചനകളാണ് നൽകുന്നത് ? കവിതയിലെ പ്രയോഗങ്ങൾ വ്യാഖ്യാനിച്ച് കുറിപ്പ് തയ്യാറാക്കുക.

9. “കർണ്ണനാമംഗനരാധിപനെന്നുടെ-
യുണ്ണികൾക്കേറ്റം പ്രധാനനായുള്ളവൻ
കുണ്ഡലമറ്റതാ വേറേ കിടക്കുന്നു
ഗണ്ഡസ്ഥലമതാ പിന്നെയും മിന്നുന്നു.
വില്ലാളികൾ മുമ്പനായവൻ തന്നുടെ
വില്ലിതാ ! വേറെകിടക്കുന്നിതീശ്വരാ ! ”

—ഗാന്ധാരിയുടെ വാക്കുകളിൽ തെളിയുന്ന കർണ്ണന്റെ സവിശേഷതകൾ വിശദീകരിക്കുക. യുദ്ധത്തെ സംബന്ധിച്ച എന്തെല്ലാം ചിന്തകളാണ് ഇത് ഉണർത്തുന്നത് ?

10. “ആത്മാവില്ലാത്ത സ്ത്രീ ആത്മാവിന്റെ കുത്തകക്കാരനായ പുരുഷനെ ചോദ്യം ചെയ്യുകയോ?”

—മുണ്ടശ്ശേരിയുടെ ഈ ചോദ്യത്തിലെ പരിഹാസം വിശദമാക്കുക. ‘ഇവൾക്കു മാത്രമായ്’ എന്ന കവിതയിൽ സുഗതകുമാരി ആവിഷ്കരിക്കുന്ന സ്ത്രീജീവിതാവസ്ഥകളോട് അത് എത്രത്തോളം പൊരുത്തപ്പെടുന്നു?

11. 'ഇല്ലത്ത് ഗൃഹച്ഛിദ്രം സഹിയ്ക്ക വയ്യാതായിരിക്കുണു.'

'ഓഹോ, ആരുതമ്മിലാ, മൂസ്സും മറ്റുമായിട്ടാണോ ? '

'അതല്ലാ,'

'പിന്നാരാ'

'അകത്താ'

'ആഹാ, അങ്ങിന്യാ. ഛിദ്രം അകത്തു തുടങ്ങ്യാൽ ബുദ്ധിമുട്ടന്ന്യാണേ. ആട്ടെ ആരു തമ്മിലാ. അകായിലോ, അമ്മയോ....'

—വിദൂഷകക്കൂത്തിലെ ഈ സംഭാഷണഭാഗത്ത് പ്രതിഫലിക്കുന്ന കുടുംബജീവിത ചിത്രത്തിന്റെ സവിശേഷതകൾ എന്തെല്ലാം? കൂത്തുപറയലിന്റെ ഏതു പ്രത്യേകതയാണ് ഇവിടെ വെളിപ്പെടുന്നത് ?

12, 13 ചോദ്യങ്ങളിൽ ഒന്നിന് ഉത്തരമെഴുതുക. [6×1=6]

12. • "അവയെൻ തലച്ചോറിൻ വാതായനങ്ങൾ-ഓരോ
ചുവടുവയ്ക്കുമ്പോഴും നേരിയ നോവിൽക്കൂടി
സ്മരണ പുതുക്കീടും ജീവിതക്കുറിപ്പുകൾ;
ധരയെയെന്നോടായിബ്ബന്ധിക്കും തായ്വേരുകൾ;
വായിക്കും ഗ്രന്ഥങ്ങളിലക്ഷരം മങ്ങീടായ്വാൻ
ജീവിതമുൾക്കാഴ്ചയ്ക്കു നൽകിയ കണ്ണാടികൾ ! "

(വിണ്ട കാലടികൾ)

• "ആരെങ്കിലും വെള്ളം കോരിക്കുടിക്കുന്നതു കാണുമ്പോൾ അവന്റെ ഹൃദയം പുളകം കൊള്ളും. അവന്റെ പല നാളത്തെ ശ്രമഫലം ! അക്ഷയമായ സമ്പാദ്യം ! "

(ഉതുപ്പാന്റെ കിണർ)

—മുകളിൽ നൽകിയ രചനാ ഭാഗങ്ങൾ വെളിപ്പെടുത്തുന്ന ജീവിത സമീപനങ്ങൾ വിശകലനം ചെയ്യുക. ആനുകാലിക സമൂഹത്തിന്റെ മനോഭാവങ്ങളുമായി ഇവയെ താരതമ്യം ചെയ്ത് നിരൂപണം തയ്യാറാക്കുക.

13. • കലയെ അതിന്റെ തനിമയോടെ സമീപിക്കാൻ ശ്രമിച്ച ശിവരാമന് കലാഭാസങ്ങളുടെ വേലിയേറ്റത്തിനിടയിൽ പിടിച്ചുനിൽക്കാൻ കഴിയാതെ പോയി. അതിനാൽ ശിവരാമന്റെ പരാജയങ്ങളെ കലയ്ക്കുവേണ്ടിയുള്ള ആത്മസമർപ്പണമായി കാണേണ്ടതുണ്ട്.

• കാലത്തിനൊത്ത് കലാഭിരുചികളിലും മാറ്റമുണ്ടാവുന്നത് സ്വാഭാവികമാണ്. ഇത് ഉൾക്കൊള്ളാൻ കഴിയാതെ പോയത് ശിവരാമന്റെ പരാജയങ്ങൾക്ക് ആധാരമായിത്തീർന്നു.

—'ആർട്ട് അറ്റാക്ക്' എന്ന കഥയുമായി ബന്ധപ്പെട്ട രണ്ടു നിരീക്ഷണങ്ങളാണ് മുകളിൽ നൽകിയിട്ടുള്ളത്. ഇവയിൽ ഏതിനോടാണ് നിങ്ങൾ യോജിക്കുന്നത് ? കഥ വിശകലനം ചെയ്ത് അഭിപ്രായം സാധൂകരിക്കുക.

14. ചുവടെ കൊടുത്തിട്ടുള്ള കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക. [6]
താളഭംഗി, ആശയഭംഗി, പ്രയോഗഭംഗി തുടങ്ങിയവ വിശദമാക്കണം.

## പൂത്തമാവിനെപ്പറ്റി

"മാമ്പൂ കണ്ടു മദിയ്ക്കല്ലേ,
മാരിക്കാർ വില്ലിനെ നമ്പല്ലേ"
മുത്തശ്ശിയ്ക്കു പിറുപിറുക്കാനൊരു
തത്വജ്ഞാനമിരുന്നോട്ടെ.

മുറ്റി വിടർന്നൊരു പൊന്നിൻ നിലാവ്
മുറ്റത്തുള്ളൊരു തൈമാവ് !
ഓളം തള്ളിയ സൗന്ദര്യങ്ങളി-
ലോലോലം മുങ്ങി വരവാണ്,
പുന്നെല്ലു കുട്ടി നിറപറ വെച്ചില്ലേ
പുലരിയെടുത്തില്ലേ, പൊൽത്താലം ?
നീലക്കരിമ്പടമിട്ടില്ലേ, മേലെ
വെള്ള വിരിച്ചു കഴിഞ്ഞില്ലേ ?
തൈത്തെങ്ങിൻ കുരൽ പൊൻകുടം വെച്ചതിൽ-
പ്പൂക്കുല പൊട്ടി വിരിഞ്ഞില്ലേ ?
മാമ്പൂ കണ്ടു മദിച്ചു പുളച്ചൊരു
പൂങ്കുയിലേ നീ പാടീലേ ?
ആകെയൊരുത്സവമാകെയൊരുത്സ-
മാകാശത്തും താഴത്തും !

"മകരക്കാറിലെത്തണ്ണീർ
മാനവൻമാരുടെ കണ്ണീർ"
മുത്തശ്ശിയ്ക്കു ചവച്ചിരിക്കാനൊരു
തത്വജ്ഞാനമുണ്ടെപ്പോഴും.

(ഇടശ്ശേരി ഗോവിന്ദൻ നായർ)